# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **4673**

28/06/2013 - ലെ മറുപടിപറയേണ്ടിയിരുന്നത്

## അട്ടപ്പാടിയിൽ ഹോർട്ടികൾച്ചർ മിഷൻ നടപ്പാക്കുന്ന പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ശശി | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) ഗംഗാ ഇൻഷ്യേറ്റീവ് എന്ന എൻ.ജി.ഒ. വഴി ഹോർട്ടികൾച്ചർ മിഷൻ അട്ടപ്പാടിയിൽ ഏതെല്ലാം പദ്ധതികൾ നടപ്പാക്കുന്നുവെന്ന് വ്യക്തമാക്കുമോ ; | (എ) ഗംഗാ ഇൻഷ്യേറ്റീവ് എന്ന എൻ.ജി.ഒ. വഴി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരള വെജിറ്റബിൾ ഇൻഷ്യേറ്റീഷ് ഫോർ അർബൻ ക്ലസ്റ്റേഴ്സ് 2012-13 എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 20,000 പച്ചക്കറി തൈകളും, ഔഷധസസ്യ മിഷൻ കേരള പദ്ധതി പ്രകാരം 94.35 ഹെക്ടറിൽ ഔഷധസസ്യ കൃഷിയും നടപ്പിലാക്കി വരുന്നു. കൂടാതെ 13.2 ഹെക്ടർ സ്ഥലത്ത് ടിഷ്യൂക്കൾച്ചർ വാഴയുടെ വിളവിസ്തൃതി വ്യാപനം എന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത സംഘടനയുടെ ഡയറക്ടർ ബോർഡ് അംഗങ്ങൾ ആരെല്ലാമെന്ന് വെളിപ്പെടുത്തുമോ ; | (ബി) ഗംഗാ ഇൻഷ്യേറ്റീവ് സംഘടനയുടെ ഡയറക്ടർ ബോർഡ് അംഗങ്ങളുടെ വിവരം (ടി സംഘടനത്തിൽ നിന്നും ലഭിച്ചത് പ്രകാരം) ചുവടെ ചേർക്കുന്നു.<br>1. റ്റി.എ.ജയനേന്ദ്രദത്തൻ (സെറ്റിലർ)<br>2. പി.ജെ.ജയിംസ്<br>3. അനുമാത്യു<br>4. അഡ്വ.ബാബുദിവാകരൻ (നോമിനേറ്റഡ് മെമ്പർ)<br>5. പുരുഷോത്തമൻ എബ്രാന്തിരി (നോമിനേറ്റഡ് മെമ്പർ) |
| (സി) സംഘടന സമർപ്പിച്ചിട്ടുള്ള പ്രോജക്ട് റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യാക്കാമോ ; | (സി) സംഘടന പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. |
| (ഡി) ഇവർ ആദിവാസി ഭൂമിയിൽ ഔഷധ കൃഷി നടത്തുന്നുണ്ടോ; ഏത് സ്ഥലത്താണ് ഈ കൃഷി നടക്കുന്നതെന്നും ഇതിനായി പണമായോ തൈക | (ഡി) ഉണ്ട്. പുത്തൂർ പഞ്ചായത്തിലെ പാടവയൽ വില്ലേജിൽ ഉൾപ്പെടുന്ന ആനവായ്, കടുക് മണ്ണ് എന്നീ ഊരുകളിലാണ് ഔഷധസസ്യ കൃഷി നടത്തുന്നത്. ഔഷധസസ്യ കൃഷി |

| | | | |
|---|---|---|---|
| | ളായോ വിത്തായോ സഹായം നൽകിയിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ; ഇത്തരത്തിൽ എത്ര രൂപയുടെ സഹായമാണ് സംഘടനയ്ക്ക് നൽകിയതെന്നു വിശദീകരിക്കാമോ ; | | നടപ്പാക്കുന്നതിന് നാളിതുവരെ ഒരു സഹായവും സംഘടനയ്ക്ക് നൽകിയിട്ടില്ല. |
| (ഇ) | പ്രസ്തുത സംഘടനയെ ഇത്തരത്തിൽ ഉത്തരവാദിത്വം ഏൽപ്പിച്ചത് എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് എന്ന് വ്യക്തമാക്കാമോ? | (ഇ) | വെജിറ്റബിൾ ഇൻഷ്യേറ്റീവ് ഫോർ അർബൻ ക്ലസ്റ്റേഴ്സ് 2012-13 എന്ന പദ്ധതി പ്രകാരം വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം ഉല്പാദിപ്പിച്ച പച്ചക്കറി തൈകൾ എൻ.ജി.ഒ.-കൾ സ്വാശ്രയ സംഘങ്ങൾ, പൊതുമേഖല-സ്വകാര്യ സ്ഥാപനങ്ങൾ മുതലായവയ്ക്ക് അപേക്ഷയുടെ അടിസ്ഥാനത്തിൽ സൗജന്യമായി വിതരണം ചെയ്യാവുന്നതാണ്. ദേശീയ ഹോർട്ടിക്കൾച്ചർ മിഷന്റെ മാർഗ്ഗരേഖ പ്രകാരം സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ, കേരള നടപ്പിലാക്കുന്ന പദ്ധതികൾ എൻ.ജി.ഒ. വഴി നടപ്പിലാക്കാവുന്നതാണ്. പ്രസ്തുത സംഘടനയിൽ നിന്ന് അപേക്ഷ ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകിയത്.<br><br>പ്രസ്തുത സംഘടന വഴി ആദിവാസികൾ തന്ന അപേക്ഷ പാലക്കാട് ജില്ലയിലെ കൃഷി ഡെപ്യൂട്ടി ഡയറക്ടർ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ഔഷധസസ്യ മിഷന്റെ പ്രപ്പോസലിന് അനുമതി നൽകിയിട്ടുള്ളത്. മാത്രമല്ല പ്രപ്പോസലിന് ആവശ്യമായ രേഖകളെല്ലാം ഈ സംഘടന മിഷനിൽ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ